# ഖുർആൻ ബോധനം

എ.വൈ.ആർ

**626**

സൂറ-14

# ഇബ്റാഹീം

وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ
أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾
رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى
فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾
رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ
رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ
ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ﴿٣٧﴾

35 ഇബ്റാഹീം പ്രാർഥിച്ചത് ഓർക്കുക: എന്റെ വിധാതാവേ, ഈ നാടിനെ സമാധാനത്തിന്റെ നാടാക്കേണമേ. എന്നെയും എന്റെ മക്കളെയും വിഗ്രഹാരാധനയിൽ നിന്നകറ്റി നിറുത്തേണമേ.
36 നാഥാ; ഈ വിഗ്രഹങ്ങൾ വളരെയാളുകളെ വഴിതെറ്റിച്ചിരിക്കുന്നു. അതിനാൽ, എന്റെ മാർഗം പിന്തുടരുന്നതാരോ അവൻ എന്നിൽ പെട്ടവനാകുന്നു. വല്ലവനും എന്റെ ചര്യയെ ധിക്കരിച്ചാലോ, അപ്പോൾ തീർച്ചയായും നീ മാപ്പരുളുന്നവനും ദയാപരനുമല്ലോ.
37 നാഥാ, എന്റെ മക്കളിലൊരുഭാഗത്തെ ഞാൻ കൃഷിയില്ലാത്ത ഈ താഴ്വരയിൽ നിന്റെ ആദരണീയ ഭവനത്തിനടുത്ത് പാർപ്പിച്ചിരിക്കുകയാണ്. നാഥാ, അവർ ഇവിടെ നമസ്കാരം മുറപ്രകാരം നിലനിറുത്തുന്നതിനുവേണ്ടിയാണ് ഞാനിതു ചെയ്തിരിക്കുന്നത്. ആകയാൽ ജനമനസ്സുകളിൽ അവരോടനുഭാവമുളവാക്കേണമേ. അവർക്കാഹരിക്കാൻ ഫലങ്ങൾ നൽകേണമേ. അവർ നന്ദിയുള്ളവരായേക്കാം.

وَإِذْ قَالَ إِبْرَٰهِيمُ= ഇബ്റാഹീം പറഞ്ഞത്(പ്രാർഥിച്ചത് ഓർക്കുക) رَبِّ= എന്റെ വിധാതാവേ ٱجْعَلْ= നീ ആക്കേണമേ
هَٰذَا ٱلْبَلَدَ= ഈ നാട്ടിനെ ءَامِنًا= നിർഭയമായ(നാട്) وَٱجْنُبْنِى= എന്നെ നീ അകറ്റേണമേ وَبَنِىَّ= എന്റെ മക്കളെയും
أَن نَّعْبُدَ ٱلْأَصْنَامَ= ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നത്(വിഗ്രഹാരാധനയിൽ നിന്ന്)
رَبِّ إِنَّهُنَّ= എന്റെ നാഥാ, തീർച്ചയായും അവ(ഈ വിഗ്രഹങ്ങൾ) أَضْلَلْنَ= വഴിതെറ്റിച്ചിരിക്കുന്നു كَثِيرًا= ധാരാളത്തെ, വളരെ
مِّنَ ٱلنَّاسِ= ആളുകളിൽനിന്ന് فَمَن تَبِعَنِى= അതിനാൽ എന്നെ(ന്റെ മാർഗം) പിന്തുടരുന്നതാരോ فَإِنَّهُۥ= തീർച്ചയായും അവൻ
مِنِّى= എന്നിൽ പെട്ടവൻ ആകുന്നു وَمَنْ عَصَانِى= വല്ലവനും എന്നെ(എന്റെ ചര്യയെ) ധിക്കരിച്ചാൽ(ലോ)
فَإِنَّكَ= അപ്പോൾ തീർച്ചയായും നീ غَفُورٌ رَّحِيمٌ= മാപ്പരുളുന്നവനും ദയാപരനുമാകുന്നു رَّبَّنَآ= ഞങ്ങളുടെ നാഥാ
إِنِّىٓ أَسْكَنتُ= ഞാൻ പാർപ്പിച്ചിരിക്കുകയാണ് مِن ذُرِّيَّتِى= എന്റെ മക്കളിൽനിന്ന് (ഒരു ഭാഗത്തെ) بِوَادٍ= (ഈ) താഴ്വരയിൽ
غَيْرِ ذِى زَرْعٍ= കൃഷിയുടയതല്ലാത്ത(കൃഷിയില്ലാത്ത) عِندَ بَيْتِكَ= നിന്റെ ഭവനത്തിനടുത്ത് ٱلْمُحَرَّمِ= ആദരണീയമായ رَبَّنَا= ഞങ്ങളുടെ നാഥാ
لِيُقِيمُوا۟ ٱلصَّلَوٰةَ= (അവിടെ) അവർ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നതിനു വേണ്ടി(യാണ് ഞാനിതു ചെയ്തിട്ടുള്ളത്)
فَٱجْعَلْ= ആകയാൽ നീ ആ(ഉളവാ)ക്കേണമേ أَفْـِٔدَةً= മനസ്സുകളെ مِّنَ ٱلنَّاسِ= ആളുകളിൽനിന്ന്

| |
|---|
| تَهْوِىٓ إِلَيْهِمْ= അവരിലേക്ക് ചെരിയുന്നു, ഇഷ്ടപ്പെടുന്നു (അവരോട് അനുഭാവമുള്ളത്) |
| وَٱرْزُقْهُم= നീ അവർക്ക് ആഹാരം(ആഹരിക്കാൻ) നൽകേണമേ مِّنَ ٱلثَّمَرَٰتِ= ഫലങ്ങളാൽ |
| لَعَلَّهُمْ يَشْكُرُونَ= അവർ(നിന്നോട്) നന്ദിയുള്ളവരായേക്കാം |

**35–36:** ഇബ്റാഹീം(അ) സീമന്ത പുത്രൻ ഇസ്മാഈലിനെയും മാതാവ് ഹാജറയെയും, വിജനവും ഊഷരവുമായ മക്കയിൽ കൊണ്ടുവന്നു പാർപ്പിച്ചപ്പോൾ നടത്തിയ പ്രാർഥന ഏതാനും സൂക്തങ്ങളിൽ ഉദ്ധരിക്കുകയാണിനി. മുൻ സൂക്തങ്ങളുടെ പശ്ചാത്തലത്തിൽ ഈ പ്രാർഥന ഉദ്ധരിക്കുന്നതിന് പ്രധാനമായും രണ്ടു മാനങ്ങളാണുള്ളത്. ഒന്ന്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് മനുഷ്യർ നന്ദികേട് പകരം നൽകുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഈ സൂക്തങ്ങൾ അവതരിച്ച കാലത്തെ മക്കാ നഗരം. രണ്ട് സമൂഹങ്ങളിൽ തൗഹീദിന്റെ പാരമ്പര്യം കാലാന്തരത്തിൽ എത്ര വിപരീതമായി മാറ്റിമറിക്കപ്പെടുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ് അന്നത്തെ ഖുറൈശീ ജീവിതം.

ഖുറൈശികൾ അവരുടെ വിഗ്രഹാരാധനക്ക് ഏറ്റവും ഭദ്രമായ ആധാരമായി അവതരിപ്പിച്ചിരുന്നത്, തങ്ങളുടെ വംശപിതാവ് ഹ: ഇബ്റാഹീം(അ) ആണെന്നും അദ്ദേഹത്തിൽനിന്നു ലഭിച്ച പൈതൃകമാണ് തങ്ങൾ പിന്തുടരുന്നത് എന്നുമുള്ള വാദമാണ്. പ്രകൃത സൂക്തങ്ങൾ ഈ വാദം ഖണ്ഡിക്കുന്നു. ഫലഭൂയിഷ്ഠവും വിഭവ സമൃദ്ധവുമായ ഫലസ്തീൻ പ്രദേശത്തുനിന്ന് ഇബ്റാഹീം(അ) തന്റെ സീമന്ത പുത്രനെയും അവന്റെ മാതാവിനെയും ഊഷരവും നിർജനവുമായ മക്കയിൽ കൊണ്ടു വന്നു പാർപ്പിച്ചതു തന്നെ അവിടെ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിച്ചും അനുസരിച്ചും സത്യത്തിലും സമാധാനത്തിലും വാഴുന്ന ഒരു ജനത വളർന്നു വരുന്നതിനു വേണ്ടിയാണ്. അക്കാലത്ത് അങ്ങനെയൊരു നാടും നാട്ടുകാരും ലോകത്തുണ്ടായിരുന്നില്ല. ഇബ്റാഹീം നബി പാർത്തിരുന്ന ഫലസ്തീനിൽ പോലും തദ്ദേശീയരിൽ വളരെക്കുറച്ചു പേരേ അദ്ദേഹത്തിലും ഏകദൈവത്തിലും വിശ്വസിച്ചിരുന്നുള്ളൂ. സ്വപുത്രനിലൂടെ രൂപം കൊള്ളുന്ന സമൂഹത്തിന് ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും മാലിന്യം പുരളാതെ ഏകദൈവത്തെമാത്രം ആരാധിക്കാൻ പറ്റിയ ഒരാരാധനാലയം സ്ഥാപിക്കാനും അദ്ദേഹം നിശ്ചയിച്ചു. ഇസ്മാഈൽ വളർന്നപ്പോൾ, അവർ രണ്ടുപേരും ചേർന്ന് അത് സ്ഥാപിക്കുകയും ചെയ്തു. കൃഷിയോഗ്യമല്ലാത്ത ആ ഭൂമി നിർഭയമായിരിക്കണമെന്നും അവിടെ ദൈവാനുഗ്രഹത്താൽ എല്ലാ വിഭവങ്ങളും എത്തിച്ചേരണമെന്നും അദ്ദേഹം പ്രാർഥിച്ചു. മക്കയുടെ ഐശ്വര്യങ്ങളും ഖുറൈശികളുടെ പ്രതാപവും ആ പ്രാർഥനയുടെ ഫലമാണ്. പക്ഷേ, ഇപ്പോഴത്തെ ഖുറൈശികളാകട്ടെ, ഇബ്റാഹീം നബി പ്രാർഥിച്ച അല്ലാഹുവിനെ തികച്ചും വിസ്മരിച്ചുകൊണ്ട് തങ്ങളുടെ സർവൈശ്വര്യങ്ങളും തങ്ങൾ പ്രതിഷ്ഠിച്ച വിഗ്രഹങ്ങളുടെ ദാനമാണെന്ന് ആരോപിക്കുകയും അവയെ ആരാധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇബ്റാഹീം നബി പ്രകൃത സൂക്തം ഉദ്ധരിക്കുന്ന പ്രാർഥന നടത്തിയത് പുത്രൻ ഇസ്മാഈലിനെയും മാതാവിനെയും മക്കയിൽ കൊണ്ടുവന്ന് താമസിപ്പിച്ച ആദ്യ സന്ദർഭത്തിലാണെന്നാണ് പണ്ഡിതന്മാർ പൊതുവിൽ കരുതുന്നത്. പുത്രബലി സംഭവത്തിനു മുമ്പ് ഇബ്റാഹീം(അ) അനുഷ്ഠിച്ച മഹാത്യാഗമായിരുന്നു പുത്രനെയും അവന്റെ മാതാവിനെയും നിർജനവും നിർജലവുമായ മക്കയിലേക്ക് നാടുകടത്തിയത്. അതും അല്ലാഹുവിന്റെ നിർദേശ പ്രകാരമായിരുന്നു. ഈ സംഭവത്തെക്കുറിച്ച് ഇബ്നു അബ്ബാസിൽനിന്ന് ബുഖാരി ഉദ്ധരിച്ച ഒരു നിവേദനത്തിൽനിന്ന് അക്കാര്യം സ്പഷ്ടമാകുന്നു: ദൈവിക മന്ദിരത്തിനടുത്ത് മസ്ജിദിന്റെ മുകൾ ഭാഗത്ത് സംസമിന്റെ മീതെ ഒരു വലിയ മരച്ചുവട്ടിൽ ശിശുവിനു മുലയൂട്ടിക്കൊണ്ടിരുന്ന ഹാജറയെയും മകൻ ഇസ്മാഈലിനെയും ഇബ്റാഹീം ഉപേക്ഷിച്ചു. മക്കയിൽ അന്ന് ആരുമുണ്ടായിരുന്നില്ല. അവിടെ വെള്ളവുമില്ലായിരുന്നു. ഇബ്റാഹീം അവർക്കടുത്ത് ഒരു ഭാണ്ഡവും വെള്ളം നിറച്ച ഒരു പാത്രവും വെച്ചുകൊടുത്തു. അനന്തരം അദ്ദേഹം തിരിഞ്ഞു നടന്നു. അപ്പോൾ ഉമ്മു ഇസ്മാഈൽ അദ്ദേഹത്തിന്റെ പിന്നാലെ ചെന്ന് ചോദിച്ചു: “മനുഷ്യരോ മറ്റുവല്ലതുമോ ഇല്ലാത്ത ഈ താഴ്വരയിൽ ഞങ്ങളെ ഉപേക്ഷിച്ച് അങ്ങ് എങ്ങോട്ടു പോകുന്നു?” അവർ ഈ ചോദ്യം പലവട്ടം ആവർത്തിച്ചു. പക്ഷേ, ഇബ്റാഹീം തിരിഞ്ഞു നോക്കിയതേയില്ല. ഒടുവിൽ അവർ ചോദിച്ചു “ഇത് അല്ലാഹു അങ്ങയോട് കൽപിച്ചതാണോ?” അദ്ദേഹം: “അതെ”യെന്ന് പറഞ്ഞപ്പോൾ ഹാജറയുടെ പ്രതികരണം ഇതായിരുന്നു: “എങ്കിൽ അല്ലാഹു ഞങ്ങളെ പാഴിലാക്കുകയില്ല.” അനന്തരം അവർ തിരിച്ചു പോന്നു. ഇബ്റാഹീം യാത്ര തുടർന്നു. മലമ്പാതയിൽ അവർക്ക് അദ്ദേഹത്തെ കാണാൻ കഴിയാത്തിടത്ത് എത്തിയപ്പോൾ അദ്ദേഹം ദൈവിക ഭവനത്തിനു നേരെ തിരിഞ്ഞു കൈകളുയർത്തി നിന്ന് رَّبَّنَآ إِنِّىٓ أَسْكَنتُ ........ يَشْكُرُونَ എന്ന് പ്രാർഥിച്ചു.

ആ നാടിനുവേണ്ടി അദ്ദേഹം ആദ്യം അർഥിക്കുന്നത് സമാധാനമാണ്. ആ നാടിനെന്നല്ല ഏതു നാടിന്റെയും ക്ഷേമത്തിനും പുരോഗതിക്കും ആദ്യം വേണ്ടത് സമാധാനമാണ്. സമാധാനമുണ്ടെങ്കിൽ മറ്റൊന്നുമില്ലെങ്കിലും നാട്ടുകാർക്ക് സൗഖ്യമുണ്ടാകും. അക്കാലത്ത് ആ പ്രദേശം മുഴുവൻ അരക്ഷിതവും അരാജകവുമായിരുന്നു. ഇബ്റാഹീം നബിയുടെ ഈ പ്രാർഥന അല്ലാഹു സ്വീകരിച്ചു. മനുഷ്യർക്കു മാത്രമല്ല ജന്തുക്കൾക്കും സസ്യങ്ങൾക്കും വരെ സമാധാനവും സുരക്ഷയുമുള്ള ഇടമായി അതു പ്രഖ്യാപിക്കപ്പെട്ടു. അവിടെ ജന്തുക്കൾ വേട്ടയാടപ്പെടുന്നതും വൃക്ഷലതാദികൾ നശിപ്പിക്കപ്പെടുന്നതും നിഷിദ്ധമാണ്. കൂടാതെ കഅ്ബാ തീർഥാടനത്തിന്റെ പേരിൽ നാലു മാസക്കാലം പുറം ലോകത്തും സംഘട്ടനങ്ങൾ നിഷിദ്ധമാണെന്ന് വിധിച്ചു. അക്കാലത്ത് സാർഥവാഹക സംഘങ്ങൾക്ക് നാനാദിക്കിലും അനായാസം സഞ്ചരിക്കാം. ആരും ആരെയും ഭയപ്പെടേണ്ടതില്ല. അതിനു പുറമെ കഅ്ബയുടെ പരിപാലകരെന്ന നിലയിൽ ഖുറൈശികൾ അറേബ്യയിലെങ്ങും നേതാക്കളും വിശിഷ്ടരുമായി ആദരിക്കപ്പെട്ടു. ഖുറൈശികൾക്ക് ഏതുകാലത്തും അറേബ്യയിലെങ്ങും സഞ്ചരിക്കാമായിരുന്നു. ആരും അവരെ അക്രമിക്കാൻ ധൈര്യപ്പെടുമായിരുന്നില്ല. അങ്ങനെ എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള നാനാവിധ ഉൽപന്നങ്ങൾ

അവിടെ ലഭ്യമായി. അത് ഖുറൈശികളുടെ സാമ്പത്തിക നിലമെച്ചപ്പെടുത്തുകയും ചെയ്തു.

തന്നെയും മക്കളെയും വിഗ്രഹാരാധനയാകുന്ന മാലിന്യത്തിൽനിന്നകറ്റുക  എന്നതാണ് രണ്ടാമത്തെ അപേക്ഷ. ഇതാണ് ഇബ്റാഹീം നബിയുടെ ഹിജ്റയുടെ അടിസ്ഥാന ലക്ഷ്യം. ഈ പ്രാർഥനയിൽ ഇബ്റാഹീമി(അ)നെപ്പോലൊരു മഹാപ്രവാചകൻ തന്നെക്കൂടി ഉൾപ്പെടുത്തിയത് വിഗ്രഹാരാധനയുടെ ഗൗരവത്തെയും അതു ആരെയും കടന്നാക്രമിക്കാനുള്ള സാധ്യതയുടെ ബാഹുല്യത്തെയും സൂചിപ്പിക്കുന്നു. ആ സൂചനയുടെ തുറന്നു പറച്ചിലാണ് إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ എന്ന വാക്യം. ഇവിടെ വിഗ്രഹങ്ങൾ വഴി തെറ്റിച്ചു എന്നു പറയുന്നത് ആലങ്കാരികമായിട്ടാണ്. വിഗ്രഹങ്ങൾക്ക് സ്വന്തം നിലയിൽ വഴിതെറ്റിക്കാനോ വഴികാണിക്കാനോ കഴിയില്ല. വിഗ്രഹങ്ങളെ മുന്നിൽനിർത്തി, അവയെ ആരാധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ട് വഴിതെറ്റിക്കുന്നത് ചെകുത്താനും അവന്റെ കിങ്കരന്മാരായിത്തീരുന്ന മനുഷ്യരുമാണ്. ധാരാളമാളുകൾ സന്മാർഗത്തിൽനിന്ന് ദുർമാർഗത്തിലേക്ക് നയിക്കപ്പെടാൻ ഈ വിഗ്രഹങ്ങൾ കാരണമായിരിക്കുന്നു എന്നും എന്റെ സന്തതികളെയും അവ വഴിതെറ്റിച്ചേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു എന്നുമാണ് വചന വിവക്ഷ.

ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിലും അവനെ ആരാധിക്കുന്നതിലും അവന്റെ വിധിവിലക്കുകളനുസരിക്കുന്നതിലും എന്റെ മാർഗം പിന്തുടർന്നവർ എന്റെ ആദർശ വിശ്വാസത്തിലും പ്രസ്ഥാനത്തിലും പെട്ടവരാകുന്നു എന്നാണ് فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ എന്ന വാക്യത്തിന്റെ താൽപര്യം. ഇപ്പറഞ്ഞ കാര്യങ്ങളിൽ എന്നെ പിന്തുടരാത്തവർ എന്റെ ആദർശ വിശ്വാസത്തിലും പ്രസ്ഥാനത്തിലും പെട്ടവരല്ല എന്നത് ഇതിന്റെ അനിവാര്യമായ മറുവശമാണ്. 'എന്നിൽ പെട്ടവൻ' എന്ന് പ്രവാചകന്മാർ പറയുമ്പോൾ ഉദ്ദേശ്യം എന്റെ വംശജൻ എന്നല്ല, പ്രത്യുത എന്റെ ദീനിൽ പെട്ടവൻ എന്നാണ്. ഈ അർഥത്തിൽ മുഹമ്മദ് നബി(സ) പലപ്പോഴും 'എന്നിൽ പെട്ടവൻ അല്ല' -ليس مني- എന്നു പ്രസ്താവിച്ചിട്ടുള്ളതായി ഹദീസുകളിൽ കാണാം. ഇബ്റാഹീം നബി ഇവിടെ എന്റെ മക്കളെയും -وَبَنِىَّ- എന്നു പറഞ്ഞതും സ്വന്തം സന്താനപരമ്പരയെ മാത്രം ഉദ്ദേശിച്ചാവണമെന്നില്ല. മക്കളുടെ ആദർശ വിശ്വാസങ്ങളും സംസ്കാരവും സ്വീകരിച്ച് അവരുടെ സമൂഹത്തിൽ ചേരുന്നവരും അതിൽപ്പെടുന്നു. ഇസ്രാഈല്യരിലും ഇസ്മാഈല്യരിലും നല്ലൊരംശം ഇങ്ങനെ വന്നു ചേർന്ന് സ്വന്തക്കാരായവരാണ്.

അംറുബിൻ ഔഫ് അൽ മുസ്നി പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു: അഹ്സാബ് യുദ്ധകാലത്ത് മദീനയുടെ അതിർത്തിയിൽ കിടങ്ങുകീറാൻ തീരുമാനിച്ചപ്പോൾ, നബി(സ) ശിഷ്യന്മാരെ പത്തുപേരടങ്ങുന്ന ഗണങ്ങളായി തിരിച്ച് ഓരോ ഗണത്തിനും കീറാൻ നാൽപതു മുഴം വീതിച്ചുകൊടുത്തു. ഈ സന്ദർഭത്തിൽ അൻസാറുകളും മുഹാജിറുകളും സൽമാനുൽ ഫാരിസിയുടെ കാര്യത്തിൽ തർക്കമായി. ഓരോ വിഭാഗവും അദ്ദേഹം തങ്ങളുടെ കൂട്ടത്തിലുള്ള ആളാണെന്നു വാദിച്ചു. അതിനു തീർപ്പു കൽപിച്ചുകൊണ്ട് നബി(സ) പറഞ്ഞു: "സൽമാൻ നമ്മിൽ, അഹ്ലു ബൈത്തിൽ പെട്ടയാളാണ്."

أصنام എന്ന മൂലപദം صنم ന്റെ ബഹുവചനമാണ്. ആരാധ്യ വിഗ്രഹമാണ് صنم. അചേതനമോ സചേതനമോ ആയ, അറിയപ്പെടുന്ന വസ്തുവിന്റെ രൂപമില്ലാത്ത പ്രതിഷ്ഠയാണ് صنم എന്ന് ചില ഭാഷാഭിജ്ഞർ പറഞ്ഞിട്ടുണ്ട്. അറിയപ്പെടുന്ന വസ്തുക്കളുടെ രൂപത്തിലുള്ള വിഗ്രഹത്തിന് وثن എന്നാണ് പറയുകയെന്നും എങ്കിലും രണ്ടു പദവും രണ്ടർഥത്തിലും പ്രയോഗിക്കാറുണ്ടെന്നും *ലിസാനുൽ അറബ്* പറയുന്നു.

തന്നെ ധിക്കരിച്ചവരെ സംബന്ധിച്ച് ഇബ്റാഹീം(അ) വ്യക്തമാക്കുന്ന നിലപാട് അദ്ദേഹത്തിന്റെ ഉദാരമായ സ്നേഹത്തിന്റെയും കനിവിന്റെയും കണ്ണാടിയാണ്. തന്നെ ധിക്കരിച്ചതിനാൽ തനിക്കവരോടുള്ള ദയാവായ്പ് വിദ്വേഷമായി മാറിയിട്ടില്ല. തന്നെ ധിക്കരിക്കുക വഴി അല്ലാഹുവിനെയാണവർ ധിക്കരിച്ചത്. ന്യായമായും അവർ ശിക്ഷാർഹരാണ്. എങ്കിലും അവർ ശിക്ഷിക്കപ്പെടരുതെന്നും അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിന്റെ തണലിലും വിശാലമായ പാപമോചന നടപടിയിലും അവർക്ക് ഇടം ലഭിക്കണമെന്നുമാണ് തന്റെ ആഗ്രഹമെന്ന് അദ്ദേഹം പറയുന്നു. എന്നെ ധിക്കരിച്ചവൻ -وَمَنْ عَصَانِى- എന്നതുകൊണ്ടുദ്ദേശ്യം എന്റെ ദീനിനെ നിഷേധിച്ചവൻ എന്നല്ല; ദീനിൽ വിശ്വസിച്ചുകൊണ്ട് അതിന്റെ താൽപര്യങ്ങളെ അഥവാ, ഞാൻ പഠിപ്പിച്ച ശരീഅത്തിനെ ധിക്കരിച്ചവർ എന്നാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. കാരണം, അല്ലാഹുവിനെയും അവന്റെ ദീനിനെയും നിഷേധിക്കുകയും ബഹുദൈവങ്ങളിൽ വിശ്വസിക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്യുന്നവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുന്നത് നിഷിദ്ധമാണ്. ശിർക്ക്- ബഹുദൈവാരാധന ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണെന്ന് അല്ലാഹു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ, ഇബ്റാഹീം(അ) ഇവിടെ ധിക്കരിച്ചവർക്ക് പൊറുത്തുകൊടുക്കണമെന്ന് അല്ലാഹുവിനോട് ആവശ്യപ്പെട്ടിട്ടില്ല. അവരുടെ കാര്യത്തിൽ എനിക്കൊന്നും പറയാനില്ല, അവരെ ശിക്ഷിക്കുകയോ രക്ഷിക്കുകയോ എന്തു വേണമെങ്കിലും ചെയ്യാൻ നിനക്ക് പരിപൂർണമായ ന്യായവും അധികാരവുമുണ്ട്. എങ്കിലും നിന്റെ ശിക്ഷയെക്കാൾ ഞാനാഗ്രഹിക്കുന്നത് നിന്റെ രക്ഷയാണ്. ഇതാണദ്ദേഹം പറയുന്നത്. ലൂത്ത് ജനതയെ നശിപ്പിക്കാൻ അല്ലാഹു മലക്കുകളെ അയച്ചപ്പോഴും ഇബ്റാഹീം(അ) തന്റെ മനസ്സലിവ് പ്രകടിപ്പിച്ചതായി സൂറ *ഹൂദ്* 74-ാം സൂക്തത്തിൽ കാണാം. ഈ സ്നേഹവും ദാക്ഷിണ്യവും ഇബ്റാഹീം നബിയുടെ മാത്രം പ്രത്യേകതയല്ല. ഈസാനബിയുടെ ശിഷ്യന്മാർ അദ്ദേഹത്തിനു ശേഷം വഴിപിഴച്ചുപോയ കാര്യം അല്ലാഹു ബോധ്യപ്പെടുത്തിക്കൊടുക്കുമ്പോൾ അദ്ദേഹം പ്രതികരിക്കുന്നതിങ്ങനെയാണ്:

إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ ۖ وَإِن تَغْفِرْ لَهُمْ فَإِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ

(നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ അവർ നിന്റെ ദാസന്മാരാണല്ലോ. അവർക്ക് മാപ്പുകൊടുക്കുകയാണെങ്കിലോ നീ അജയ്യനും അഭിജ്ഞനും തന്നെ - 5:118).

ഇബ്റാഹീം നബിയെയും ഈസാ നബിയെയും സംബന്ധിച്ച ഖുർആന്റെ ഈ പരാമർശങ്ങൾ പാരായണം ചെയ്തുകൊണ്ട് മുഹമ്മദ് നബി(സ) സ്വന്തം സമുദായത്തെച്ചൊല്ലി കരഞ്ഞിരുന്നതായി അബ്ദുല്ലാഹിബിൻ ഉമർ(റ) നിവേദനം ചെയ്തിട്ടുണ്ട്.

**37:** അതായത് കൃഷിയോഗ്യമല്ലാത്ത ഈ ഊഷരഭൂമിയിൽ നിന്റെ ഭവനത്തിനടുത്ത് ഞാൻ എന്റെ മക്കളെ കൊണ്ടുവന്നു പാർപ്പിച്ചിരിക്കുന്നത് അവിടെ അവർ നിന്റെ ശാസന പ്രകാരം

നമസ്കാരം നിലനിർത്തുന്നതിനുവേണ്ടിയാണ്. അതിനാൽ അവർക്കവിടെ ജീവിക്കാനുള്ള സൗകര്യങ്ങൾ നീ ഒരുക്കിക്കൊടുക്കണം. ആളുകളിൽ അവരോടാദരവും അവരുടെ സന്ദേശങ്ങൾ സ്വീകരിക്കാനും ചര്യകൾ പിന്തുടരാനുള്ള താൽപര്യവും ജനിപ്പിക്കണം. تَهْوِيَ إِلَيْهِمْ എന്നാണ് മൂലവാക്ക്. هوى യുടെ ഭാവികാല രൂപമാണ് تَهْوِيَ. ഒരു വ്യക്തിയോടാ കാര്യത്തോടോ ആസക്തിയുണ്ടായി, പ്രേമമുണ്ടായി, മാനസികമായ ചായ്‌വുണ്ടായി എന്നീ അർഥങ്ങളിലൊക്കെ هوإليه എന്നു പറയും. ജനങ്ങൾക്ക് മതിപ്പും സ്നേഹവും ഉണ്ടാകുന്നതോടൊപ്പം അവർക്ക് ഭക്ഷ്യവിഭവങ്ങൾ എത്തിച്ചു കൊടുക്കുകയും വേണം. അങ്ങനെ അവർക്ക് അല്ലാഹുവിന്റെ ദൗത്യത്തിൽ ശ്രദ്ധിക്കാനും അത് യഥാവിധി നിർവഹിക്കാനും സൗകര്യം നൽകണം. എങ്കിൽ ആ സൗകര്യങ്ങളനുഭവിച്ച് അവർ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുകയും അവന്റെ പ്രീതിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിൽനിന്ന് വ്യക്തമാകുന്ന ഒരു കാര്യം ഇതാണ്. ഏകദൈവത്തിൽ നിഷ്കളങ്കമായി വിശ്വസിക്കുകയും അവനുമാത്രം അടിമത്തമർപ്പിക്കുകയും ചെയ്യുക എന്നത് മനുഷ്യ ജീവിതത്തിലെ ഏറ്റം ഗൗരവപ്പെട്ട കാര്യമാണ്. സന്ദർഭം ആവശ്യപ്പെടുകയാണെങ്കിൽ അതിനുവേണ്ടി മറ്റെല്ലാം ത്യജിക്കാൻ തയാറാകണം. മറ്റൊന്നിനുവേണ്ടിയും അതു ത്യജിക്കാൻ തയാറായിക്കൂടാ താനും. കഅ്ബാ മന്ദിരം അടിസ്ഥാനപരമായി നമസ്കാരത്തിന്റെ കേന്ദ്രമാകുന്നു എന്നതാണ് മറ്റൊരു സംഗതി. അതുകൊണ്ട് അതിന്റെ പരിചരണത്തിനും പരിപാലനത്തിനും അർഹർ നമസ്കാരം അതിന്റെ മുറപ്രകാരം നിലനിർത്തുന്നവരാണ്. തൗഹീദിൽനിന്ന് വ്യതിചലിക്കുകയും നമസ്കാരം പാഴാക്കുകയും ചെയ്യുന്നവർക്ക് കഅ്ബ പരിപാലിക്കാൻ അവകാശമില്ല. ഇബ്‌റാഹീം(അ) കഅ്ബ നിർമാണത്തിന്റെ പ്രഥമലക്ഷ്യമായി പറയുന്നത് നമസ്കാരമാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാകുന്നു. അതിനുശേഷമാണ് ഹജ്ജ് വിളംബരം ചെയ്യാൻ അദ്ദേഹം കൽപിക്കപ്പെടുന്നത്. അങ്ങനെ അത് ഹജ്ജിന്റെ കേന്ദ്രവുമായി. ഇസ്മാഈൽ നബി ആത്മബലിക്ക് സന്നദ്ധനായതോടെ അത് ബലിയുടെയും കേന്ദ്രമായിത്തീർന്നു. ഇഖാമത്തു സ്വലാത്തിന്റെ വിവക്ഷ നമസ്കാരം എന്ന അനുഷ്ഠാനത്തിന്റെ നിർവഹണം മാത്രമല്ല എന്ന കാര്യവും ഓർക്കേണ്ടതാണ്. ആളുകളെ നമസ്കാരത്തിനു വിളിക്കലും പ്രേരിപ്പിക്കലും ആളുകൾക്ക് അത് ഭംഗിയായി നിർവഹിക്കാനുള്ള സൗകര്യങ്ങളൊരുക്കലുമെല്ലാം ഇഖാമത്ത്സ്വലാത്തിന്റെ അർഥത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളാണ്.

ഇബ്‌റാഹീം(അ) തന്റെ പിന്മുറക്കുവേണ്ടി അർഥിച്ച രണ്ടു കാര്യങ്ങളിലൊന്ന് ജനങ്ങളുടെ അനുഭാവമായിരുന്നുവല്ലോ. അതിന്റെ ഫലമായി കഅ്ബാലയം അറബ് ലോകത്തിന്റെ ഏറ്റം വലിയ കേന്ദ്രമായിത്തീർന്നു. അന്ത്യ പ്രവാചകന്റെ ആഗമനാനന്തരം മുഴുലോകത്തിന്റെയും കേന്ദ്രമായിത്തീരാൻ ഏറെകാലം വേണ്ടിവന്നില്ല. മക്ക സസ്യവും വെള്ളവുമില്ലാത്ത നാടായതിനാൽ അങ്ങോട്ട് കാർഷിക വിഭവങ്ങൾ എത്തിച്ചു അനുഗ്രഹിക്കേണമേ എന്നായിരുന്നു രണ്ടാമതായി അപേക്ഷിച്ചത്. മക്ക അറേബ്യയുടെ വ്യാപാര കേന്ദ്രമായിത്തീർന്നുകൊണ്ട് ഈ പ്രാർഥനയും വേഗം തന്നെ സഫലമായി. ■